പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2009–2011)

## പതിനാറാമത് റിപ്പോർട്ട്

(2010 ഡിസംബർ 29–ാം തീയതി സമർപ്പിച്ചത്)

[2005-ലെ കേരള വിനോദസഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിൻകീഴിൽ എസ്.ആർ.ഒ. നമ്പർ 1096/07 പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2010

പന്ത്രണ്ടാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2009–2011)

**പതിനാറാമത് റിപ്പോർട്ട്**

(2010 ഡിസംബർ 29-ാം തീയതി സമർപ്പിച്ചത്)

[2005-ലെ കേരള വിനോദസഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിൻകീഴിൽ എസ്.ആർ.ഒ. നമ്പർ 1096/07 പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ട്]

46/2011.

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I. | എസ്. ആർ. ഒ. നമ്പർ 1096/07 | .. | 10 |
| II. | എസ്. ആർ. ഒ. നമ്പർ 940/2005 | .. | 14 |
| III. | വിനോദസഞ്ചാര മേഖല സംബന്ധിച്ച സ്ഥിതിവിവര കണക്ക് | .. | 15 |
| IV. | സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെ പേരു വിവരം | .. | 18 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009–2011)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. മാത്യു ടി. തോമസ്

<u>അംഗങ്ങൾ</u> :

ശ്രീ. പി. കൃഷ്ണപ്രസാദ്

,, മുരളി പെരുനെല്ലി

,, വി. ചെന്താമരാക്ഷൻ

,, സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

,, കെ. ശിവദാസൻ നായർ

,, പി. തിലോത്തമൻ

,, തോമസ് ഉണ്ണിയാടൻ

,, എം. ഉമ്മർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ ജെ. ഉണ്ണികൃഷ്ണൻ നായർ, ജോയിന്റ് സെക്രട്ടറി
ശ്രീമതി പി. ജയലക്ഷ്മി, ഡെപ്യൂട്ടി സെക്രട്ടറി
,, ജെ. മേരി ഗ്രേസി, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2009-2011) അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയത് അനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ടിൻകീഴിൽ എസ്.ആർ.ഒ. നമ്പർ 1096/07 പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ സംബന്ധിച്ച് സമിതി തിരുവനന്തപുരം, മൂന്നാർ എന്നിവിടങ്ങളിൽ ചേർന്ന തെളിവെടുപ്പ് യോഗങ്ങളിലും സന്ദർശനങ്ങളിലും ലഭിച്ച വിവരങ്ങളുടെയും അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതും ഇക്കാര്യത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതുമാണ് ഈ റിപ്പോർട്ട്. എസ്.ആർ.ഒ. നമ്പർ 1096/07, എസ്.ആർ.ഒ. നമ്പർ 940/05, വിനോദസഞ്ചാര മേഖല സംബന്ധിച്ച സ്ഥിതിവിവര കണക്ക്, സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഹാജരായി സമിതിക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരുടെ പേരുവിവരം എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2010 ഡിസംബർ 28-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മാത്യു ടി തോമസ്,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2010 ഡിസംബർ 29.

# റിപ്പോർട്ട്

2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ട് (2005-ലെ 8-ാം ആക്ട്)-ലെ 10-ാം വകുപ്പുപ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് 2007-ലെ 1096-ാം നമ്പർ എസ്.ആർ.ഒ.പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ സംബന്ധിച്ച്.

ദൈവത്തിന്റെ സ്വന്തം നാട് എന്ന സൂപ്പർ ബ്രാൻഡോടുകൂടിയ കേരളം ഇൻഡ്യയിലെന്നല്ല ദക്ഷിണേഷ്യയിലെത്തന്നെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര മേഖലകളിലൊന്നാണ്. കേരളത്തെ ലോകത്തിലെ പത്തു സ്വർഗ്ഗതുല്യമായ പ്രദേശങ്ങളിലൊന്നായി നാഷണൽ ജ്യോഗ്രഫിക് ട്രാവലർ വിശേഷിപ്പിച്ചിട്ടുണ്ട്.

2. തനതായ പാരമ്പര്യവും സമ്പന്നമായ സംസ്കാരവും സവിശേഷവും വൈവിദ്ധ്യമാർന്നതുമായ ഭൂപ്രകൃതിയും വിനോദസഞ്ചാര വികസന രംഗത്ത് കേരളത്തിന് വൻസാധ്യതകളായി നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വളർച്ച, പ്രാദേശിക വികസനം, തൊഴിലവസരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നിർണ്ണായക സ്വാധീനം ചെലുത്താൻ കഴിയുന്ന മേഖലകളിലൊന്നാണ് വിനോദസഞ്ചാരം. വിദേശനാണ്യ സമ്പാദനത്തിന് വികസ്വര രാജ്യങ്ങളിലെ ഏറ്റവും സാധ്യത കൽപ്പിക്കപ്പെടുന്ന മേഖലയാണ് വിനോദസഞ്ചാര വ്യവസായം. വിനോദസഞ്ചാര വ്യവസായം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്.

3. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വേണ്ടി വിനോദസഞ്ചാര പ്രാധാന്യമുള്ളതോ വിനോദസഞ്ചാര പ്രാധാന്യമുണ്ടാകാനിടയുള്ളതോ ആയ ഏതൊരു പ്രദേശത്തിന്റെയും സമഗ്രവും ആസൂത്രിതവുമായ വികസനം ലക്ഷ്യമാക്കി അവയെ പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുന്നതിനുവേണ്ടിയാണ് 2005-ലെ വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ട് പാസാക്കിയത്. 2005 ഫെബ്രുവരി 9-ാം തീയതി മുതലാണ് ഈ ആക്ടിന് പ്രാബല്യം നൽകിയത്. ആക്ടിലെ 10-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം അധികാരപ്പെടുത്തിയതനുസരിച്ച് ഇതിലെ വ്യവസ്ഥകളുടെ നിർവ്വഹണത്തിനായി 2007 ഡിസംബർ 31-നാണ് ചട്ടങ്ങൾ പുറപ്പെടുവിച്ചത്.

4. 2005-ലെ 940-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം വിനോദസഞ്ചാര പ്രാധാന്യമുള്ള കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ എന്നീ പ്രദേശങ്ങളെ പ്രത്യേക വിനോദസഞ്ചാര മേഖലകളായി പ്രഖ്യാപിക്കുകയുണ്ടായി.

5. 2008 ആഗസ്റ്റ് 13-ാം തീയതി തിരുവനന്തപുരത്ത് ചേർന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-08) യുടെ യോഗം 2005-ലെ കേരള വിനോദസഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ടിൻകീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 1096/07 പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങളുടെ നിർവ്വഹണം സംബന്ധിച്ച് ടൂറിസം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയുണ്ടായി.

6. ആക്ട് പ്രകാരം മൂന്നാർ, കുമരകം, കോവളം, ഫോർട്ട് കൊച്ചി എന്നീ പ്രദേശങ്ങളെ പ്രത്യേക വിനോദസഞ്ചാര മേഖലകളായി കണ്ടെത്തിയിട്ടുള്ളതായും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. മൂന്നാറിന്റെ കാര്യത്തിൽ മാത്രമാണ് ഒരു മാസ്റ്റർ പ്ലാൻ രൂപീകരിക്കുവാനുള്ള പ്രാഥമിക നടപടികൾ ആയിട്ടുള്ളതെന്നും ചട്ടപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി ഇതുവരെ ചുമതലയേൽക്കുകയോ യോഗം ചേരുകയോ ചെയ്തിട്ടില്ലെന്നും തെളിവെടുപ്പുയോഗത്തിൽ ടൂറിസം സെക്രട്ടറി അറിയിച്ചു. ഒരു മേഖലയെക്കുറിച്ച് ആദ്യം പഠിച്ചശേഷം അതിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ബാക്കിയുള്ള മൂന്ന് സ്ഥലങ്ങളിൽ പ്രവർത്തനം തുടങ്ങാമെന്നാണ് തീരുമാനിച്ചിരിക്കുന്നതെന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

7. ചട്ടങ്ങളുടെ പ്രായോഗിക നിർവ്വഹണം സംബന്ധിച്ച് വ്യക്തമായൊരു ചിത്രം പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ സമിതിയ്ക്ക് ലഭിക്കാതിരുന്നതിനാൽ ടൂറിസം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും 28-10-2009-ന് സമിതി വീണ്ടും തെളിവെടുപ്പ് നടത്തി.

8. ആക്ടിലെ 4-ാം വകുപ്പ് പ്രകാരമുള്ള സംസ്ഥാന വിനോദസഞ്ചാര പരിപാലന കമ്മിറ്റി 1-6-2008-ലാണ് നിലവിൽ വന്നതെന്ന് ടൂറിസം വകുപ്പ് യോഗത്തിൽ അറിയിച്ചു. 9-3-2008-ന് പ്രാബല്യത്തിൽ വന്ന ആക്ട് പ്രകാരം 1-6-2008-ന് സമിതി രൂപീകരിച്ചുവെങ്കിൽ അതിന് നിയമസാധുത ലഭിയ്ക്കണമെങ്കിൽ അത് എസ്.ആർ.ഒ. ആയി വിജ്ഞാപനം ചെയ്യേണ്ടതാണെന്ന് നിയമ വകുപ്പ് സമിതിയെ അറിയിച്ചു. ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് തന്നെ പ്രദേശങ്ങൾ ഏത് മേഖലയാണെന്നുള്ളത് കണ്ടെത്തിക്കഴിഞ്ഞിരുന്നതിനാൽ ഈ പ്രദേശങ്ങൾ സംബന്ധിച്ച് ചട്ടം 7(3) പ്രകാരമുള്ള റിപ്പോർട്ട് സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടില്ല എന്നും സമിതിയ്ക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു.

9. ആക്ടിലെ രണ്ട് വകുപ്പുകളിലായി സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ കർത്തവ്യങ്ങളും അധികാരങ്ങളും വിശദീകരിച്ചിട്ടുണ്ട്. അവ താഴെപ്പറയും പ്രകാരമാണ്.

10. പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശക രേഖകൾ ഉൾപ്പെടെ സുസ്ഥിരമായ ഒരു വിനോദസഞ്ചാര വികസന പദ്ധതി തയ്യാറാക്കുക, അത് നടപ്പിലാക്കുകയോ നടപ്പിലാക്കാൻ ഏകോപിപ്പിക്കുകയോ ചെയ്യുക, പ്രത്യേക വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശക രേഖകൾ പ്രാവർത്തികമാക്കുക, സർക്കാർ നിർണ്ണയിക്കുന്നതോ ഏൽപ്പിച്ചുകൊടുക്കുന്നതോ ആയ മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുക എന്നിവ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ കർത്തവ്യങ്ങളായി ആക്ടിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക വിനോദസഞ്ചാര മേഖലയിൽപ്പെട്ട ഭൂമിയുടെ ഉപയോഗം ഏതുവിധത്തിൽ ആയിരിക്കണം എന്നും പ്രത്യേക വിനോദസഞ്ചാര മേഖലയുടെ കീഴിലുള്ള പ്രദേശത്തിന്റെ വികസനത്തിന്

സാരവത്തായ ഏതെങ്കിലും സ്വാധീനം ഉണ്ടാകാനിടയുള്ള മറ്റു സംഗതികളും കമ്മിറ്റി തയ്യാറാക്കുന്ന വിനോദസഞ്ചാര വികസന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ആക്ട് വ്യവസ്ഥ ചെയ്യുന്നു.

11. പ്രത്യേക വിനോദസഞ്ചാര മേഖലയുടെ വിനോദസഞ്ചാര വികസന പദ്ധതികൾക്കും മാർഗ്ഗനിർദ്ദേശക രേഖകൾക്കും അംഗീകാരം നൽകുക, ഇവയുടെ നടപ്പിലാക്കൽ നിരീക്ഷണം നടത്തുക ഈ മേഖലകളിലെ പദ്ധതികൾക്കോ വികസന പ്രവർത്തനങ്ങൾക്കോ അനുമതി നൽകുക, ഈ മേഖലകളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള റഗുലേഷനുകൾക്ക് അംഗീകാരം നൽകുക, ഈ മേഖലകളുടെ സുസ്ഥിര മായ വികസനത്തിന് ആവശ്യമായ സർവ്വേകളും പഠനങ്ങളും നടത്തുകയോ നടത്തി ക്കുകയോ ചെയ്യുക, ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരി ക്കുക, വികസന പ്രവർത്തനങ്ങൾ നിയമാനുസൃതമായി നടത്തുന്നതിന് ഏതെങ്കിലും ഉദ്യോഗസ്ഥനെയോ സ്ഥാപനങ്ങളെയോ അധികാരപ്പെടുത്തുക എന്നി വയും സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ അധികാരങ്ങ ളിൽപ്പെടുന്നു. എന്നാൽ കമ്മിറ്റിക്ക് ഒരു പ്രദേശം വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുവാനായി ശുപാർശ നൽകുന്നതിനുള്ള അധികാരം ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതിനു വിരുദ്ധമായി 1096/07 നമ്പർ എസ്.ആർ.ഒ. പ്രകാരം വിജ്ഞാപനം ചെയ്ത ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിന് സമിതി കാരണം ആരാഞ്ഞു. ഇക്കാര്യത്തിൽ തൃപ്തികരമായ വിശദീകരണം നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല.

12. ആക്ട് പ്രകാരം 2005-ലെ 940-ാം നമ്പർ എസ്.ആർ.ഒ. വഴി സർക്കാർ കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ എന്നീ പ്രദേശങ്ങളെ പ്രത്യേക വിനോദ സഞ്ചാര മേഖലകളായി പ്രഖ്യാപിക്കുകയായിരുന്നുവെന്നും രണ്ട് വർഷങ്ങൾക്കു ശേഷം 2007-ലെ 1096-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം ആക്ടിന്മേൽ ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയായിരുന്നുവെന്നും തെളിവെടുപ്പിൽ സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടു.

13. ചട്ടം 8-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വിനോദസഞ്ചാര മേഖലയിലെ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനായി കമ്മിറ്റി മാർഗ്ഗനിർദ്ദേശക രേഖ തയ്യാറാക്കിയിട്ടില്ല എന്നും സമിതി മനസ്സിലാ ക്കുന്നു. ഫോർട്ട് കൊച്ചിയുടെ കാര്യം സമിതി ആരാഞ്ഞപ്പോൾ ഭൂമിയുടെ റവന്യൂ സംബന്ധമായ കാര്യങ്ങൾക്ക് വ്യക്തത കൈവന്നിട്ടില്ല എന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ചട്ടം 9(1) പ്രകാരമുള്ള വികസന പദ്ധതി തയ്യാറായിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്ലാനിംഗ് നടത്തിക്കഴിഞ്ഞാലേ ഒരു പ്രത്യേക പ്രദേശത്തിനുവേണ്ടി വികസന പദ്ധതി തയ്യാറാക്കാൻ കഴിയൂവെന്നും ആയതിനാൽ വികസന പദ്ധതി ഇതുവരെ തയ്യാറായിട്ടില്ല എന്നും ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു.

14. പ്രത്യേക വിനോദസഞ്ചാര മേഖലകളായി 2005-ൽ പ്രഖ്യാപിച്ച നാല് സ്ഥലങ്ങളിൽ മൂന്നാർ ഒഴികെയുള്ള ഇടങ്ങളിൽ നാല് വർഷങ്ങൾക്കുശേഷവും ഇതു സംബന്ധിച്ച് യാതൊരു തുടർനടപടികളും ഉണ്ടായിട്ടില്ലെന്ന് സമിതി വിലയിരുത്തി. കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്ടിൻ

പ്രകാരം നിലവിൽ വന്ന ചട്ടത്തിന്റെ നിർവ്വഹണം ഉദ്ദേശിച്ച വേഗതയിൽ മുന്നോട്ട് പോകാൻ കഴിഞ്ഞില്ലെന്നും വിനോദസഞ്ചാരത്തിന് പ്രാധാന്യമുള്ള മേഖലകൾ കണ്ടെത്തി വിജ്ഞാപനം ചെയ്തതിനുശേഷം വിശദമായ പഠനം നടത്തി വിനോദ സഞ്ചാരം, തദ്ദേശ സ്വയംഭരണം, എന്നീ വകുപ്പുകളുടെയും ടൗൺ പ്ലാനിംഗിന്റെയും നിയമനങ്ങളുമായി യോജിച്ച് പോകുന്നതരത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കി, വിനോദ സഞ്ചാര മേഖല പരിപാലന കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഒരു മാർഗ്ഗ നിർദ്ദേശ രേഖ തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ എന്നും ഭൂമി ഏറ്റെടുക്കാത്തതിനാൽ മൂന്നാറിലല്ലാതെ മറ്റൊരു പ്രദേശത്തും പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

15. ചട്ടങ്ങൾ പുറപ്പെടുവിച്ച് ഏകദേശം ഒരു വർഷത്തോളമായപ്പോഴും സെന്റർ ഫോർ കൺസൾറ്റിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് എന്ന വിദഗ്ദ്ധ ഏജൻസിയുടെ സഹായത്തോടെ വിനോദസഞ്ചാര വികസനത്തിനായി മൂന്നാറിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനും ഇതിൽ ആ പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ, സാംസ്കാരിക പ്രാധാന്യം, പ്രകൃതി വൈവിദ്ധ്യം തുടങ്ങിയവ കണക്കിലെടുത്ത് ഇൻഡക്സുകൾ നൽകുവാനും മാത്രമേ കഴിഞ്ഞിട്ടുള്ളു എന്നതിൽ സമിതി അസംതൃപ്തി പ്രകടിപ്പിച്ചു. വിനോദ സഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി കൂടുകയോ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ അറിയുകയോ ചെയ്യാതെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചത് ക്രമപ്രകാരമുള്ള നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത് പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കുമെന്നും ഇത്തരം വികസന പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുമ്പോൾ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിൽ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ സജീവമായ ശ്രദ്ധ ആരംഭം മുതൽ ഉണ്ടാകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

16. മൂന്നാറിന്റെ കാര്യത്തിൽ Centre for Consulting Engineering Service എന്ന ഏജൻസി വഴി വിനോദസഞ്ചാര വകുപ്പും നഗരാസൂത്രണ വകുപ്പും വെവ്വേറെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയാണുണ്ടായത്. ഈ രണ്ട് മാസ്റ്റർ പ്ലാനുകളും ആക്ട് പ്രകാരം രൂപീകരിച്ച വിനോദസഞ്ചാര പരിപാലന കമ്മിറ്റിയിൽ സമർപ്പിക്കുകയോ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിലും സമിതി വിശദീകരണം ആരാഞ്ഞെങ്കിലും തൃപ്തികരമായ വിശദീകരണം നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല.

17. ആക്ട് പ്രകാരം മൂന്നാറിനുവേണ്ടി തയ്യാറാക്കിയതായി സമിതിയെ 28-10-2009-ലെ യോഗത്തിൽ അറിയിച്ച പ്രത്യേക വിനോദസഞ്ചാര മേഖലാ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനായി സമിതി 25-1-2010-ന് മൂന്നാർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ യോഗം ചേർന്നു.

18. ആക്ടിന്റേയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ മൂന്നാറിൽ യാതൊരു വികസന പ്രവർത്തനങ്ങളും നടന്നിട്ടില്ലെന്ന് ടൂറിസം സെക്രട്ടറി സമിതിയെ അറിയിച്ചു. ഒരു എക്സ്പെർട്ട് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ NATPAC തയ്യാറാക്കിയ Baseline Map അടിസ്ഥാനമാക്കി ഇതിനായി ചുമതലപ്പെട്ട consultant സമർപ്പിച്ച റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

19. ഒരു വിനോദസഞ്ചാര മേഖല എന്ന നിലയിൽ മൂന്നാറിലെ വികസന പ്രവർത്തനങ്ങൾക്ക് എങ്ങനെ ശരിയായ ദിശാബോധം നൽകാമെന്നും ഭൂമിയുടെ സ്വാഭാവികതയ്ക്കും നൈതികതയ്ക്കും കോട്ടം തട്ടാത്ത വിധത്തിൽ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വികസനത്തോടൊപ്പം സാമൂഹ്യവും പാരി സ്ഥിതികവുമായ ഘടകങ്ങൾക്കുകൂടി പ്രാധാന്യം നൽകുന്ന ഒരു സമീപനം കൈക്കൊള്ളുന്നതിനാണ് വകുപ്പ് ശ്രമിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു.

20. നിലവിൽ മൂന്നാറിൽ പ്രത്യേക മേഖലയായി അംഗീകരിച്ചിട്ടുള്ള മൂന്നാർ, ദേവികുളം, പള്ളിവാസൽ, കാന്തല്ലൂർ, വട്ടവട, ചിന്നക്കനാൽ എന്നീ ആറു പഞ്ചായ ത്തുകൾക്കു പുറമേ ബൈസൻവാലി, ശാന്തൻപാറ, മാങ്കുളം, മറയൂർ എന്നീ നാലു പഞ്ചായത്തുകളെ കൂടി ചേർക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു. കൂടാതെ, ഓരോ പ്രത്യേക വിനോദസഞ്ചാര മേഖലകൾക്കായി പ്രത്യേകം കമ്മിറ്റിയില്ലെന്നും സംസ്ഥാനതലത്തിൽ ആകെ ഒരു കമ്മിറ്റി മാത്രമേ ഉള്ളുവെന്നും അദ്ദേഹം അറിയിച്ചു. ആക്ട് നടപ്പിലാക്കുന്നതിനായി നിലവിലുള്ള സംഘടനാ സംവിധാനം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി.

21. മേഖലയിലെ വികസന പ്രവർത്തനങ്ങൾ വേഗത്തിൽ നടപ്പിലാക്കുകയാ ണെങ്കിൽ കെട്ടിടങ്ങളുടെയും മറ്റു ഘടനാപരമായ മാതൃകകൾ തമ്മിൽ വൈരുദ്ധ്യമു ണ്ടാവില്ലേയെന്ന് സമിതി ആരായുകയും പ്രത്യേക വിനോദസഞ്ചാര മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏകതാനത കൊണ്ടുവരുന്നതിന് ആക്ടിൽ വ്യവസ്ഥ കളുണ്ടെങ്കിലും അവ വ്യതിചലിക്കപ്പെടുന്നപക്ഷം നടപടിയെടുക്കുന്നതിന് വിനോദ സഞ്ചാര പരിപാലന കമ്മിറ്റിക്ക് ഒരധികാരവും നൽകിയിട്ടില്ല എന്നും സമിതി അഭിപ്രാ യപ്പെട്ടു. സമിതിയുടെ നിരീക്ഷണത്തോട് സെക്രട്ടറി യോജിപ്പ് രേഖപ്പെടുത്തുകയും ഇതു സംബന്ധിച്ച നിബന്ധനകൾ പ്രത്യേകമായി നിഷ്ക്കർഷിക്കുവാൻ ഉദ്ദേശിക്കുന്നു ണ്ടെന്നും സമിതിയെ അറിയിക്കുകയും ചെയ്തു.

22. പ്രത്യേക ടൂറിസം മേഖലകളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളും റിസോർട്ടുകളും അവയ്ക്ക് ആവശ്യമായ വൈദ്യുതിയുടെ ഒരു പങ്ക് സ്വയം ഉൽപ്പാദി പ്പിക്കുന്ന തരത്തിൽ നിയമം കൊണ്ടുവരേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കൺസൽട്ടേഷൻ മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നതായി സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

23. മൂന്നാർ വിനോദസഞ്ചാര മേഖലാ പദ്ധതി സംബന്ധിച്ച പ്രവൃത്തികൾ അന്തിമഘട്ടത്തിലെത്തിക്കുന്നതിന് നിശ്ചയിച്ച സമയപരിധി 2010 മേയ് മാസമാണെന്നും ടൂറിസം സെക്രട്ടറി അറിയിച്ചു.

24. മൂന്നാറിൽ പ്രത്യേകം ടൂറിസം മേഖലയുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നിലവിൽ ടൗണിലുള്ള ഗതാഗതക്കുരുക്ക് കുറയ്ക്കുന്ന തരത്തിലും ഇ.എഫ്.എൽ. ഭൂമികളിൽ വാഹനം നിരോധിച്ചും ടൂറിസ്റ്റുകൾക്ക് പ്രാഥമികാ വശ്യങ്ങൾ നിറവേറ്റുന്നതിനായി പൊതു ശൗച്യാലയങ്ങൾ നിർമ്മിച്ചും സമയക്ലിപ്ത തയോടെ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**ശുപാർശകൾ**

25. ആക്ട് പ്രാബല്യത്തിൽ വന്ന് 34 മാസങ്ങൾക്ക് ശേഷം മാത്രമാണ് ആക്ടിൻമേലുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്യപ്പെട്ടത്. ചട്ടങ്ങൾ നിലവിൽ വന്ന് 5 മാസങ്ങൾക്ക് ശേഷമാണ് സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി നിലവിൽ വന്നത്. ചട്ടങ്ങൾ നിലവിൽ വന്ന് മൂന്ന് വർഷങ്ങൾക്കുശേഷവും പ്രത്യേക വിനോദസഞ്ചാര മേഖലകളായി 2005-ൽ വിജ്ഞാപനം ചെയ്യപ്പെട്ടതിൽ ഒരിടത്തും ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കാനായില്ല. 2005 ഒക്ടോബർ 15-ാം തീയതി പ്രത്യേക വിനോദസഞ്ചാര മേഖലകളായി വിജ്ഞാപനം ചെയ്യപ്പെട്ട നാല് പ്രദേശങ്ങളിൽ ആക്ടിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം വിനോദസഞ്ചാര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ യോഗം ആരംഭിച്ച് 30 മിനിട്ടിനുള്ളിൽ ക്വാറം തികയുന്നില്ലെങ്കിൽ ചെയർമാൻ യോഗം നിറുത്തി മറ്റൊരു ദിവസത്തേക്ക് മാറ്റിവെയ്ക്കേണ്ടതും ആയതിനുള്ള നോട്ടീസ് ചട്ടം 4-ൽ പറഞ്ഞിട്ടുള്ള പ്രകാരം അംഗങ്ങൾക്ക് നൽകേണ്ടതുമാണെന്ന് ചട്ടം 4(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ചട്ടം 4-ൽ യോഗത്തിനുള്ള നോട്ടീസ് എപ്രകാരമാണ് നൽകേണ്ടത് എന്ന് പറഞ്ഞിട്ടില്ല. ചട്ടം 4 യോഗത്തിന്റെ ക്വാറം സംബന്ധിച്ചുള്ളതാണ്. കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചുചേർക്കുന്നത് സംബന്ധിച്ച നടപടിക്രമം ചട്ടം 3-ലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ ചട്ടം 4(2)-ലെ 'ചട്ടം 4-ൽ' എന്നത് 'ചട്ടം 3-ൽ' എന്ന് തിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

27. ആക്ടിലെ 10(2) (ഡി) വകുപ്പുപ്രകാരം പ്രത്യേക വിനോദസഞ്ചാര മേഖലകളിൽ ചുമത്താവുന്ന ഫീസ് സംബന്ധിച്ച വിശദാംശം ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഇക്കാര്യം ചട്ടങ്ങളിൽ ഉൾപ്പെടുത്താതിരുന്നത് ബന്ധപ്പെട്ട വകുപ്പിന് പറ്റിയ വീഴ്ചയാണെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടം പരിഷ്കരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ആക്ടിലെ 10(2) (ഡി) വകുപ്പുപ്രകാരം പ്രത്യേക വിനോദസഞ്ചാര മേഖലകൾക്കായി റഗുലേഷനുകൾ തയ്യാറാക്കുന്നതിന് സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി പാലിക്കേണ്ടുന്ന നടപടിക്രമങ്ങൾ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. എന്നാൽ റഗുലേഷനുകൾ തയ്യാറാക്കുന്നതിന് സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി പാലിക്കേണ്ട നടപടിക്രമം ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആക്ടിലെ 10(2) (ഡി) വകുപ്പുപ്രകാരം പ്രത്യേക വിനോദസഞ്ചാര മേഖലകൾക്കായി റഗുലേഷനുകൾ തയ്യാറാക്കുന്നതിന് സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി പാലിക്കേണ്ട നടപടിക്രമം ഉൾപ്പെടുത്തി ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനും സമിതി ശുപാർശ ചെയ്യുന്നു.

29. ആക്ടിലെ വകുപ്പ് 5(2) പ്രകാരം പ്രത്യേക വിനോദസഞ്ചാര മേഖലയിൽ ഉൾപ്പെടുന്ന ഏതൊരു പ്രദേശത്തെ സംബന്ധിച്ചും സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി നൽകുന്ന രേഖാമൂലമുള്ള ഉപദേശമോ നിർദ്ദേശമോ ഉണ്ടെങ്കിൽ അതനുസരിച്ച് പ്രവർത്തിയ്ക്കേണ്ടതും അപ്രകാരം എടുത്തതായ നടപടി

കമ്മിറ്റിയെ അറിയിക്കേണ്ടതുമാണ്. 'കമ്മിറ്റി നൽകുന്ന രേഖാമൂലമുള്ള ഉപദേശമോ നിർദ്ദേശമോ എന്തെങ്കിലും ഉണ്ടെങ്കിൽ' എന്ന ആക്ടിലെ വ്യവസ്ഥയ്ക്ക് കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശക രേഖയ്ക്ക് വിരുദ്ധമായുള്ള പ്രവൃത്തികൾക്ക് മാത്രം ബാധകമാകുന്ന തരത്തിൽ ചട്ടം 10 പരിമിതപ്പെടുത്തിയിരിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ പ്രത്യേക വിനോദസഞ്ചാര മേഖലയിലുൾപ്പെടുന്ന ഏതൊരു പ്രദേശത്തെ സംബന്ധിച്ചും കമ്മിറ്റി നൽകുന്ന രേഖാമൂലമുള്ള ഉപദേശമോ നിർദ്ദേശമോ എന്തെങ്കിലും ഉണ്ടെങ്കിൽ അതനുസരിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം പ്രവർത്തിയ്ക്കേണ്ടതാണ് എന്ന ആക്ടിലെ 5(2) വകുപ്പിനനുസൃതമായി കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശക രേഖയ്ക്കും റഗുലേഷനുകൾക്കും രേഖാമൂലമുള്ള നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും ബാധകമാകത്തക്ക തരത്തിൽ ചട്ടം 10 ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. ആക്ടിലെ വകുപ്പ് 4(4) പ്രകാരം സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്ന തദ്ദേശാധികാര സ്ഥാപനങ്ങളിലെ പ്രസിഡന്റിനോ ചെയർപേഴ്സണോ ഏതെല്ലാം സംഗതികളെ സംബന്ധിച്ച് വോട്ട് ചെയ്യാമെന്നത് നിർണ്ണയിക്കേണ്ടതുണ്ട്. ഈ നിയമം ഫലപ്രദമായി നടപ്പിൽ വരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാകയാൽ വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്ന തദ്ദേശാധികാര സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ പങ്കിനെക്കുറിച്ചും കമ്മിറ്റിയിലെ വോട്ടവകാശത്തെക്കുറിച്ചും വ്യക്തമായ വ്യവസ്ഥകൾ അനിവാര്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ആക്ടിലെ വകുപ്പ് 4(4) പ്രകാരം നിർണ്ണയിക്കപ്പെടേണ്ട സംഗതികൾ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യുവാൻ ശുപാർശ ചെയ്യുകയും ചെയ്യുന്നു.

31. ആക്ടിലെ 4-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ ഘടന കമ്മിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമല്ലെന്നും കമ്മിറ്റിയുടെ കർത്തവ്യങ്ങളുടേയും അധികാരങ്ങളുടേയും വ്യാപ്തിയും പ്രാധാന്യവും കണക്കിലെടുക്കുമ്പോൾ ഉദ്യോഗസ്ഥ തല കമ്മിറ്റിയായി മാത്രം കമ്മിറ്റിയ്ക്ക് ഫലപ്രദമായി പ്രവർത്തിയ്ക്കാനാവില്ല എന്നും സംസ്ഥാനത്തിന് മുഴുവനായി ഒരു കമ്മിറ്റി എന്നത് പുനഃപരിശോധിക്കേണ്ടതാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ 4-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപന സംവിധാനത്തിന് പ്രധാന പരിഗണനയും പ്രാതിനിധ്യവും നൽകി പുനഃസംഘടിപ്പിയ്ക്കണമെന്നും ഓരോ പ്രദേശത്തിനും പ്രത്യേകമായി വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. ആക്ടിലെ നാലാം വകുപ്പു പ്രകാരമുള്ള സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി 1-6-2008-ൽ നിലവിൽ വന്നുവെങ്കിലും ആയതിനെ സംബന്ധിച്ച് വ്യക്തമായ ധാരണ വകുപ്പിന് ഇല്ലായിരുന്നുവെന്നത് തികച്ചും ഖേദകരമാണെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ആക്ടിലെ നാലാം വകുപ്പു പ്രകാരം കമ്മിറ്റി രൂപീകരിച്ചുവെങ്കിലും ആയത് ക്രമപ്രകാരം വിജ്ഞാപനം ചെയ്തിട്ടില്ലെന്നും സമിതി കണ്ടെത്തുകയുണ്ടായി. ആക്ടിലെ 4-ാം വകുപ്പു പ്രകാരമുള്ള കമ്മിറ്റിയുടെ രൂപീകരണം ക്രമപ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്യാതിരുന്നതിന് യാതൊരു നീതീകരണവുമില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.

33. ആക്ടിലെ 5, 6 എന്നീ വകുപ്പുകൾ പ്രകാരം വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ കർത്തവ്യങ്ങളും അധികാരങ്ങളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രദേശം പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുവാനായി സർക്കാരിനോട് ശുപാർശ ചെയ്യുവാൻ കമ്മിറ്റിക്ക് ആക്ട് പ്രകാരം അധികാരമില്ല. ഇതിനുവിരുദ്ധമായ വ്യവസ്ഥ ചട്ടം 7-ൽ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആക്ടിലെ 5, 6 വകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം നൽകപ്പെട്ടിട്ടില്ലാത്ത അധികാരങ്ങൾ ചട്ടം 7-ൽ ഉൾപ്പെടുത്തിയത് ക്രമവിരുദ്ധമായതിനാൽ ചട്ടം 7 നീക്കം ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.

34. ചട്ടം 3(1)-ൽ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ യോഗം ചെയർമാനുമായി ആലോചിച്ച് കൺവീനർ വിളിച്ചുകൂട്ടേണ്ടതാണെന്നും ചട്ടം 3(3)-ൽ 'അടിയന്തിര ഘട്ടങ്ങളിൽ കാരണം രേഖപ്പെടുത്തി ചെയർമാന് യോഗങ്ങൾ വിളിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആക്ടിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകൾ നടപ്പിലാക്കുന്ന കാര്യത്തിലും പദ്ധതി നടത്തിപ്പിലെ പുരോഗതി യഥാസമയം വേണ്ട രീതിയിൽ വിലയിരുത്തുന്നതിനും പര്യാപ്തമായ വിധം കമ്മിറ്റിയുടെ യോഗങ്ങൾ ചേർന്നതായി സമിതിയെ ബോധ്യപ്പെടുത്താൻ ബന്ധപ്പെട്ട വകുപ്പിന് കഴിഞ്ഞില്ല. ആക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ കഴിയുന്ന തരത്തിലും ചട്ടങ്ങളിൽ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടേതായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരങ്ങളും ചുമതലകളും ഫലപ്രദമായി നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഒരു നിശ്ചിത കാലയളവിൽ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി ഏറ്റവും കുറഞ്ഞത് നിശ്ചിത എണ്ണം യോഗം ചേരേണ്ടതാണ്' എന്ന വ്യവസ്ഥ ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. പ്രത്യേക വിനോദസഞ്ചാര മേഖലകളായി 2005-ൽ പ്രഖ്യാപിയ്ക്കപ്പെട്ട കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ എന്നീ പ്രദേശങ്ങളുടെ കാര്യത്തിൽ ചട്ടം 7(5) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോവളം, കുമരകം, ഫോർട്ട് കൊച്ചി, മൂന്നാർ എന്നീ പ്രദേശങ്ങൾ പ്രത്യേക വിനോദസഞ്ചാര മേഖലകളായി പ്രഖ്യാപിച്ചത് ചട്ടങ്ങൾ നിലവിൽ വരുന്നതിനും രണ്ട് വർഷങ്ങൾക്ക് മുമ്പാണെന്നത് കൂടി കണക്കിലെടുത്ത് ഈ പ്രദേശങ്ങളുടെ കാര്യത്തിൽ ചട്ടം 7(5) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കുവാനും ഇല്ലെങ്കിൽ അതിനുള്ള കാരണമറിയിക്കാനും ബന്ധപ്പെട്ട വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു.

35. പ്രത്യേക വിനോദസഞ്ചാര മേഖലകളുടെ രൂപീകരണം, വിനോദസഞ്ചാര വികസന പദ്ധതികളുടെ രൂപീകരണം, നടത്തിപ്പ് എന്നിവ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും പ്രത്യേകമായതും ശാസ്ത്രീയമായതുമായ സംഘടനാ സംവിധാനത്തിലൂടെയുമോ ഫലപ്രദമായി നടപ്പിലാക്കാനാവൂ. ഇതിനു പര്യാപ്തമായ ഒരു സംവിധാനമല്ല സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ കമ്മിറ്റി എന്ന് സമിതി വിലയിരുത്തുന്നു. പ്രത്യേക വിനോദസഞ്ചാര മേഖലകളുടെ രൂപീകരണം അവയുമായി ബന്ധപ്പെട്ട വിനോദസഞ്ചാര വികസന പദ്ധതികളുടെ നടത്തിപ്പ് എന്നിവ ഫലപ്രദമായി നിർവ്വഹിക്കുവാൻ കഴിയുന്നവിധം വിവിധ വകുപ്പുകളുടെ

ഏകോപനത്തോടെ പ്രത്യേക വിനോദസഞ്ചാര മേഖലകൾക്കും അതുമായി ബന്ധപ്പെട്ട വികസന പദ്ധതികൾക്കുമായി ഒരു സംഘടനാ സംവിധാനവും നടപടിക്രമവും ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. പ്രത്യേക വിനോദസഞ്ചാര മേഖലകളുടെ രൂപീകരണത്തിനും അതുമായി ബന്ധപ്പെട്ട വിനോദസഞ്ചാര വികസന പദ്ധതിയ്ക്കുമായി പ്രത്യേകമായി ഒരു ഫണ്ട് രൂപീകരിയ്ക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. ഓരോ പ്രത്യേക വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട വിനോദ സഞ്ചാരവികസന പദ്ധതികൾക്കായി ചുമതലകളും അധികാരങ്ങളും നിർണ്ണയിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
29-12-2010.

മാത്യു ടി. തോമസ്,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

അനുബന്ധം I

## കേരള സർക്കാർ

വിനോദസഞ്ചാര (ബി) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 542/2007/ടൂറിസം. *തിരുവനന്തപുരം, 2007 ഡിസംബർ 24.*

**എസ്. ആർ. ഒ. നമ്പർ 1096/2007.**— 2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിലെ (2005-ലെ 8) 10-ാം വകുപ്പുപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, താഴെപ്പറയുന്ന പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2007-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ചട്ടങ്ങൾ എന്ന് പേർ പറയാം

(2) ഇവ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'ആക്റ്റ്' എന്നാൽ 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് (2005-ലെ 8) എന്നർത്ഥമാകുന്നു.

(ബി) 'ചെയർമാൻ' എന്നാൽ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ ചെയർമാൻ എന്നർത്ഥമാകുന്നു.

(സി) 'കമ്മിറ്റി' എന്നാൽ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റി എന്നർത്ഥമാകുന്നു.

(ഡി) 'കൺവീനർ' എന്നാൽ സംസ്ഥാന വിനോദസഞ്ചാര സംരക്ഷണ പരിപാലന കമ്മിറ്റിയുടെ കൺവീനർ എന്നർത്ഥമാകുന്നു.

(ഇ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. കമ്മിറ്റിയുടെ യോഗങ്ങൾ.—(1) കമ്മിറ്റിയുടെ യോഗം ചെയർമാനുമായി ആലോചിച്ച് കൺവീനർ വിളിച്ചുകൂട്ടേണ്ടതാണ്.

(2) എല്ലാ യോഗങ്ങളും പതിനഞ്ച് ദിവസത്തിൽ കുറയാത്ത നോട്ടീസ് നൽകി കൺവീനർ വിളിച്ചുചേർക്കേണ്ടതും നോട്ടീസിനൊപ്പം അജണ്ടയും കുറിപ്പും നൽകേണ്ടതുമാണ്.

(3) അടിയന്തിര ഘട്ടങ്ങളിൽ കാരണം രേഖപ്പെടുത്തി ചെയർമാന് യോഗങ്ങൾ വിളിക്കാവുന്നതാണ്.

4. ക്വാറം.—(1) കമ്മിറ്റിയുടെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്.

(2) യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞ് മുപ്പതുമിനിറ്റിനുള്ളിൽ ക്വാറം തികയുന്നില്ലെങ്കിൽ ചെയർമാൻ യോഗം നിറുത്തി മറ്റൊരു ദിവസത്തേക്ക് മാറ്റിവയ്ക്കേണ്ടതും ആയതിനുള്ള നോട്ടീസ് ചട്ടം 4-ൽ പറഞ്ഞിട്ടുള്ള പ്രകാരം അംഗങ്ങൾക്ക് നൽകേണ്ടതുമാണ്.

5. യോഗത്തിൽ ചർച്ച ചെയ്യേണ്ട സംഗതികൾ.—കൺവീനർ, ചെയർമാനുമായി ആലോചിച്ച് കമ്മിറ്റിയിൽ ചർച്ചചെയ്യേണ്ട സംഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു അജണ്ട തയ്യാറാക്കേണ്ടതും ആയത് യോഗ നോട്ടീസിനോടൊപ്പം അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

6. യോഗനടപടിക്കുറിപ്പ് രേഖപ്പെടുത്തൽ.—(1) കമ്മിറ്റി യോഗത്തിന്റെ നടപടി കുറിപ്പ് കൺവീനർ തയ്യാറാക്കേണ്ടതും ചെയർമാൻ യോഗതീരുമാനങ്ങൾക്കു താഴെ ഒപ്പു വയ്ക്കേണ്ടതുമാകുന്നു.

(2) യോഗനടപടികളും അംഗങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൺവീനർ രേഖപ്പെടുത്തേണ്ടതാണ്.

7. പ്രത്യേക വിനോദസഞ്ചാര മേഖലയുടെ പ്രഖ്യാപനം.—(1) കമ്മിറ്റിക്ക് അതാത് പ്രദേശത്തെ തദ്ദേശ സ്ഥാപനങ്ങളുമായി ആലോചിച്ച് വിനോദസഞ്ചാര പ്രാധാന്യമുള്ള പ്രദേശങ്ങൾ കണ്ടെത്തി അങ്ങനെയുള്ള ഏത് പ്രദേശത്തെയും ഒരു പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യാവുന്നതാണ്.

(2) പ്രത്യേക വിനോദസഞ്ചാര മേഖലയായി ഒരു പ്രദേശത്തെ പ്രഖ്യാപിക്കുന്നതിനായി തെരഞ്ഞെടുക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് സ്ഥിതിചെയ്യുന്നതും സംരക്ഷണം അർഹിക്കുന്നതുമായ സാംസ്കാരിക കേന്ദ്രങ്ങളോ സ്മാരകങ്ങളോ ഉണ്ടെങ്കിൽ ആയവകൂടി പരിഗണിക്കേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം ഏതൊരു പ്രദേശത്തെയും തെരഞ്ഞെടുത്തശേഷം പ്രസ്തുത പ്രദേശം ഒരു പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കമ്മിറ്റി ഒരു സമഗ്രമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(4) (3)-ാം ഉപചട്ടപ്രകാരമുള്ള റിപ്പോർട്ട് പരിഗണിച്ചശേഷം സർക്കാരിന് പ്രസ്തുത പ്രദേശത്തെ ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് പ്രസ്തുത പ്രദേശത്തെ പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കാവുന്നതാണ്.

(5) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ അതിർത്തി സംബന്ധിച്ച് ഒരു വിവരണം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. കമ്മിറ്റി മാർഗ്ഗനിർദ്ദേശ രേഖകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമം.—(1) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ നിർമ്മാണം ഉൾപ്പെടെയുള്ള എല്ലാ വികസന പ്രവർത്തനങ്ങളും ക്രമീകരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശക രേഖ കമ്മിറ്റി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തോടെ പുറപ്പെടുവിക്കേണ്ടതാണ്.

(2) മാർഗ്ഗനിർദ്ദേശക രേഖ പ്രദേശത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ സ്ഥായിയായ നിലനിൽപ്പിന് ഉതകുന്നതും ആയതിന് പ്രയോജനകരവും ആയിരിക്കണം.

(3) (1)-ാം ഉപചട്ടപ്രകാരം മാർഗ്ഗനിർദ്ദേശക രേഖ തയ്യാറാക്കുന്നതിന് വിനോദ സഞ്ചാര മേഖലയിലെ വിദഗ്ദ്ധരുടെ ഉപദേശം കമ്മിറ്റിക്ക് തേടാവുന്നതും തദ്ദേശവാസികളുടെ നിർദ്ദേശങ്ങൾ ക്ഷണിക്കാവുന്നതാണ്.

(4) മാർഗ്ഗനിർദ്ദേശക രേഖയ്ക്ക് അന്തിമ രൂപം നൽകുന്നതിനുമുമ്പായി താഴെ പറയുന്ന കാര്യങ്ങൾ കമ്മിറ്റി പരിഗണിക്കേണ്ടതാണ്, അതായത്:—

(എ) പ്രത്യേക ടൂറിസം മേഖലയുടെ നിലവിലുള്ള അതിർത്തി ;

(ബി) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ ഭൂവിനിയോഗ രീതി ;

(സി) ഭൂവിനിയോഗ പദ്ധതി ;

(ഡി) വിനോദസഞ്ചാര ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കുമായി ഭൂമി അനുവദിക്കൽ ;

(ഇ) പ്രദേശത്തിന്റെ വികസനം, മാലിന്യ നിർമ്മാർജ്ജനം, ഊർജ്ജ വിതരണം, ജലവിതരണം എന്നിവ സംബന്ധിക്കുന്ന നയം ;

(എഫ്) പരിസ്ഥിതി സംരക്ഷണം ;

(ജി) നിലവിലുള്ള ഭൂപ്രകൃതിയുടെ സംരക്ഷണവും ശക്തിപ്പെടുത്തലും ;

(എച്ച്) സാംസ്കാരിക-പൈതൃക സംരക്ഷണം ;

(ഐ) കെട്ടിട നിർമ്മാണ ശൈലിയിലും രീതിയിലുമുള്ള വാസ്തു സംബന്ധമായ നിയന്ത്രണം ;

(ജെ) ദൃശ്യപരമായ ഗുണം മെച്ചപ്പെടുത്തൽ ;

(കെ) പൊതുസ്ഥലത്തിന്റെ ഫലവത്തായ വിനിയോഗം ;

(എൽ) ഓരോ മേഖലയുടെയും തനതായ മറ്റ് വിഷയങ്ങൾ .

(5) (1)-ാം ഉപചട്ടപ്രകാരം പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശക രേഖകൾ അതാത് പ്രദേശത്ത് പ്രചാരത്തിലുള്ള രണ്ട് പ്രമുഖ ദിനപ്പത്രത്തിലെങ്കിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

9. പ്രത്യേക വിനോദസഞ്ചാര മേഖലയുടെ വികസന പദ്ധതി തയ്യാറാക്കൽ.—(1) പ്രത്യേക വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനായി, കമ്മിറ്റി ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) പ്രസ്തുത വികസന പദ്ധതികളിൽ, പ്രത്യേക ടൂറിസം മേഖലകളിൽ ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതസൗകര്യം, ജലവിതരണം, ഊർജ്ജം,

വാർത്താവിതരണം, ഖരദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം, ടൂറിസം അടിസ്ഥാന സൗകര്യം, സ്വാഭാവിക പരിസ്ഥിതിയുടെ വികസനം, സഞ്ചാരികൾക്ക് സൗകര്യമൊരുക്കൽ, പ്രോജക്ടുകളുടെ കണ്ടെത്തൽ, വിഭവ സ്രോതസ്സുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

(3) പ്രത്യേക വിനോദസഞ്ചാര മേഖലയുടെ വികസന പദ്ധതിക്ക് അന്തിമരൂപം കൊടുക്കുന്നതിനുമുമ്പായി കമ്മിറ്റിക്ക് വിദഗ്ദ്ധരുടെയും തദ്ദേശവാസികളുടെയും നിർദ്ദേശം സ്വീകരിക്കാവുന്നതാണ്.

10. തദ്ദേശ സ്ഥാപനം സ്വീകരിക്കേണ്ട നടപടി.—(1) കമ്മിറ്റി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശക രേഖയ്ക്ക് വ്യത്യസ്തമായി നടത്തിയിട്ടുള്ള ഏതെങ്കിലും തരത്തിലുള്ള നിർമ്മാണമോ, വികസനമോ, കയ്യേറ്റമോ, മറ്റേതെങ്കിലും തരത്തിലുള്ള പ്രവൃത്തിയെ സംബന്ധിച്ചോ ആക്റ്റിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിവരം ലഭിച്ചാൽ ആയത് തടയുന്നതിനുള്ള അടിയന്തിര നടപടി പ്രസ്തുത സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

11. അപ്പീൽ.—(1) ആക്റ്റിലെ 7-ാം വകുപ്പുപ്രകാരമുള്ള എല്ലാ അപ്പീലുകളും വിനോദസഞ്ചാര വകുപ്പിന്റെ ചുമതലയുള്ള ഗവണ്മെന്റ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.

(2) ഓരോ അപ്പീലുകളിലും അപ്പീൽ ഫീസായി 25 രൂപയുടെ കോർട്ടു ഫീ സ്റ്റാമ്പ് പതിപ്പിച്ചിരിക്കേണ്ടതാണ്.

(3) അപ്പീലുകൾ അപ്പീൽ അധികാരി മുമ്പാകെ നേരിട്ടോ, തപാൽ വഴിയോ സമർപ്പിക്കേണ്ടതാണ്.

12. കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രപ്പടിയും ദിനബത്തയും.— കമ്മിറ്റിയുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന ഓരോ അനൗദ്യോഗിക അംഗത്തിനും കേരള സർക്കാരിന്റെ ഗ്രേഡ്-1 ഉദ്യോഗസ്ഥർക്ക് അനുവദനീയമായ നിരക്കിൽ യാത്രപ്പടിക്കും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വേണു, വി.
*ഗവണ്മെന്റ് സെക്രട്ടറി*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിന്റെ 10-ാം വകുപ്പ് പ്രകാരം ആക്റ്റിലെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം II

# കേരള സർക്കാർ

## വിനോദസഞ്ചാര (ബി) വകുപ്പ്

## വിജ്ഞാപനം

സർക്കാർ ഉത്തരവ് (പി) നമ്പർ 371/2005/ടൂറിസം. *തിരുവനന്തപുരം, 2005 ഒക്ടോബർ 15.*

**എസ്. ആർ. ഒ. നമ്പർ 940/2005.**—2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് (2005-ലെ 8) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെപ്പറയുന്ന വിനോദസഞ്ചാര പ്രാധാന്യമുള്ള പ്രദേശങ്ങളെ പ്രത്യേക വിനോദസഞ്ചാര മേഖലയായി പ്രഖ്യാപിക്കുന്നു, അതായത് :—

1. കോവളം
2. കുമരകം
3. ഫോർട്ട് കൊച്ചി
4. മൂന്നാർ.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഇ. കെ. ഭരത്ഭൂഷൺ**
*ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം പ്രത്യേക വിനോദസഞ്ചാര മേഖലകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം III

**വിദേശ വിനോദസഞ്ചാരികളുടെ വളർച്ചാനിരക്ക് ഇന്ത്യയിലും കേരളത്തിലും (2004-2008)**

| വർഷം | ഇന്ത്യ എണ്ണം | ശതമാന വ്യത്യാസം | കേരളം (എണ്ണം) | ശതമാന വ്യത്യാസം | ഇന്ത്യയിലെ വിനോദസഞ്ചാരത്തിൽ കേരളത്തിന്റെ പങ്ക് (ശതമാനം) |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| 2004 | 3457477 | 26.82 | 345,546 | 17.28 | 9.99 |
| 2005 | 3915324 | 13.24 | 346,499 | 0.28 | 8.85 |
| 2006 | 4429915 | 13.14 | 428,534 | 23.68 | 9.67 |
| 2007 | 5081504 | 14.3 | 515,808 | 20.37 | 10.36 |
| 2008 | 5366966 | 5.6 | 598,929 | 16.11 | 11.16 |

**കേരളത്തിലേക്കുള്ള ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം (2004-2008)**

| വർഷം | വിനോദസഞ്ചാരികളുടെ എണ്ണം | മുൻവർഷത്തേതിൽ നിന്നുള്ള വ്യത്യാസം (ശതമാനം) |
|---|---|---|
| (1) | (2) | (3) |
| 2004 | 5,972,182 | 1.72 |
| 2005 | 5,946,423 | 0.43 |
| 2006 | 6,271,724 | 5.47 |
| 2007 | 6,642,941 | 5.92 |
| 2008 | 7,591,250 | 14.28 |

**2007, 2008 വർഷങ്ങളിലെ വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ ജില്ല തിരിച്ചുള്ള എണ്ണം**

| ജില്ല | വിനോദസഞ്ചാരികളുടെഎണ്ണം | | ആഭ്യന്തര വിനോദസഞ്ചാരി കളുടെ എണ്ണം | |
|---|---|---|---|---|
| | 2007 | 2008 | 2007 | 2008 |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 193,924 | 234,797 | 948,579 | 1,102,115 |
| കൊല്ലം | 8,854 | 8,728 | 145,524 | 180,943 |
| പത്തനംതിട്ട | 547 | 349 | 60,988 | 59,832 |
| ആലപ്പുഴ | 40,463 | 49,866 | 170,731 | 234,700 |
| കോട്ടയം | 27,358 | 27,230 | 189,411 | 230,831 |
| ഇടുക്കി | 46,463 | 51,025 | 505,229 | 531,970 |
| എറണാകുളം | 165,125 | 193,013 | 1,109,644 | 1,509,686 |
| തൃശ്ശൂർ | 4,645 | 3,398 | 1,546,576 | 1,671,174 |
| പാലക്കാട് | 615 | 785 | 315,591 | 324,399 |
| മലപ്പുറം | 9,766 | 10,166 | 313,200 | 323,448 |
| കോഴിക്കോട് | 10,020 | 9,966 | 570,832 | 595,985 |
| വയനാട് | 4,093 | 5,638 | 256,190 | 295,465 |
| കണ്ണൂർ | 3,067 | 3,143 | 375,255 | 395,121 |
| കാസർഗോഡ് | 868 | 825 | 135,191 | 135,581 |
| ആകെ | 515,808 | 598,929 | 6,642,941 | 7,591,250 |

**വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനം (2004–08)**

(രൂപ കോടിയിൽ)

| വർഷം | വിദേശനാണ്യ വരുമാനം | ആഭ്യന്തരവിനോദസഞ്ചാരങ്ങളിൽനിന്നുള്ള വരുമാനം | വിനോദസഞ്ചാരത്തിൽ മൊത്തവരുമാനം (നേരിട്ടും അല്ലാതെയും) |
|---|---|---|---|
| 2004 | 1266.77 | 3881.92 | 6829.00 |
| 2005 | 1552.31 | 4281.42 | 7738.00 |
| 2006 | 1988.40 | 4891.94 | 9126.00 |
| 2007 | 2640.94 | 5978.65 | 11433.00 |
| 2008 | 3066.52 | 6832.13 | 13130.00 |

**വിനോദസഞ്ചാര മേഖലയിൽ സംസ്ഥാന പദ്ധതി വിഹിതം (2004–2009)**

| വർഷം | പദ്ധതി വിഹിതം(രൂപ കോടിയിൽ) |
|---|---|
| 2005-06 | 88.02 |
| 2006-07 | 81.57 |
| 2007-08 | 83.18 |
| 2008-09 | 97.54 |
| 2009-10 | 65.01 |

**വിനോദസഞ്ചാര മേഖലയ്ക്കുള്ള കേന്ദ്ര സഹായ വിഹിതം (2004–2009)**

| വർഷം | പദ്ധതി വിഹിതം(രൂപ കോടിയിൽ) |
|---|---|
| 2004-05 | 21.99 |
| 2005-06 | 48.09 |
| 2006-07 | 40.89 |
| 2007-08 | 41.24 |
| 2008-09 | 44.16 |

**ക്ളാസിഫൈഡ് ഹോട്ടലുകളിലെ താമസസൗകര്യം സംബന്ധിച്ച വിവരങ്ങൾ 2007-2008**

| ഹോട്ടൽ | 2007 | | 2008 (താൽക്കാലികം) | |
|---|---|---|---|---|
| | ഹോട്ടലുകളുടെ എണ്ണം | മുറികളുടെ എണ്ണം | ഹോട്ടലുകളുടെ എണ്ണം | മുറികളുടെ എണ്ണം |
| (1) | (2) | (3) | (4) | (5) |
| 5 സ്റ്റാർ ഡീലക്സ് | 1 | 100 | 4 | 509 |
| 5 സ്റ്റാർ | 8 | 903 | 9 | 951 |
| 4 സ്റ്റാർ | 12 | 416 | 17 | 1020 |
| 3 സ്റ്റാർ | 154 | 4252 | 219 | 5331 |
| 2 സ്റ്റാർ | 67 | 1195 | 78 | 1293 |
| 1 സ്റ്റാർ | 4 | 115 | 5 | 139 |
| പാരമ്പര്യ റിസോർട്ടുകൾ | 20 | 673 | 20 | 673 |
| അപ്പാർട്ട്മെന്റ് ഹോട്ടൽ 3* | | | 1 | 58 |
| ആകെ | 266 | 7654 | 353 | 9974 |

## അനുബന്ധം IV

**13-8-2008-ലെ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ**

1. ശ്രീ. വി. വേണു, സെക്രട്ടറി, ടൂറിസം വകുപ്പ്.
2. ശ്രീമതി വി. ജി. കുമാരി ഗിരിജ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ് .
3. ശ്രീ. സഞ്ജയ് കൗൾ, ജില്ലാ കളക്ടർ, തിരുവനന്തപുരം.
4. ശ്രീ. എൻ. കേശവൻ നമ്പൂതിരി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. എം. ശിവശങ്കർ, ഡയറക്ടർ, ടൂറിസം വകുപ്പ്.

**28-10-2009-ലെ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ**

1. ശ്രീ. എ. ശിവശങ്കർ, ഡയറക്ടർ, ടൂറിസം വകുപ്പ്.
2. ശ്രീ. ടി. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, ടൂറിസം വകുപ്പ്.
3. ശ്രീ. എൻ. കേശവൻ നമ്പൂതിരി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. വി. ദിനേശ്, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

**25-1-2010-ലെ യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ**

1. ഡോ. വി. വേണു, സെക്രട്ടറി, ടൂറിസം വകുപ്പ്.
2. ശ്രീ. അശോക് കുമാർ സിംഗ്, കളക്ടർ, ഇടുക്കി.
3. ശ്രീ. സുരേഷ് ബാബു, ടി., ജോയിന്റ് സെക്രട്ടറി, ടൂറിസം.
4. ശ്രീ. കെ. എൻ. സത്യപ്രസാദ്, അണ്ടർ സെക്രട്ടറി, ടൂറിസം.
5. ശ്രീമതി കെ. സരസ്വതി അമ്മ, സെക്ഷൻ ഓഫീസർ, ടൂറിസം.
6. ശ്രീ. എം. എ. തോമസ്, ടൗൺ പ്ലാനർ, ഇടുക്കി.
7. ശ്രീ. ജിമ്മിച്ചൻ മാത്യു, ഡെപ്യൂട്ടി ടൗൺ പ്ലാനർ, ഇടുക്കി.
8. ശ്രീ. കെ. വിശ്വനാഥൻ, അസിസ്റ്റന്റ് ടൗൺ പ്ലാനർ, ഇടുക്കി.
9. ശ്രീ. രാജേഷ്, സെക്രട്ടറി, DTPC, ഇടുക്കി.
10. ശ്രീ. മുഹമ്മദ് നഹാർ. ജെ., ടൂറിസം പ്ലാനർ, GITPAC, കൺസൽട്ടന്റ്.
11. ശ്രീ. ദേവവൃതൻ, GITPAC, കൺസൽട്ടന്റ്.
12. ശ്രീ. എസ്. ജി. മഹേഷ്കുമാർ, DFO, മൂന്നാർ.
13. ശ്രീ. കെ. ആർ. നാരായണൻ, തഹസീൽദാർ, ദേവികുളം.
14. ശ്രീ. എൻ. ടി. സാജൻ, DFO, മറയൂർ.
15. ശ്രീ. സോമനാഥ്, സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്.
16. ശ്രീ. പി. ആർ. സണ്ണി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
17. ശ്രീ. വൈ. നടരാജൻ, പ്രസിഡന്റ്, മൂന്നാർ ഗ്രാമപഞ്ചായത്ത്.